# ACADEMIC MASTER PLAN

# 2025

## St.Antony's C.U.P.S

## Paluvai



# ആമുഖം :

1933ൽ സ്ഥാപിച്ച ഞങ്ങളുടെ വിദ്യാലയം പാലുവായ് ഗ്രാമത്തിലാണ് സ്ഥിതി ചെയ്യുന്നത്. CMC MANAGEMENT കീഴിൽ അറിവിന്റെ വെളിച്ചം പകർന്നു നൽകുന്ന ഒരു എയ്ഡഡ് വിദ്യാലയമാണിത്. ചാവക്കാട് സബ്ജില്ലയിലെ മികച്ച വിദ്യാലയങ്ങളിൽ ഒന്നാണ് പാലുവായ് സെൻറ് ആന്റണീസ്.കലാ കായിക പ്രവർത്തി പരിചയ മേഖലകളിൽ സ്റ്റേറ്റ് വരെ എത്തി വിജയം കൈവരിക്കാൻ ഞങ്ങൾക്ക് സാധിച്ചു .മികവ് പ്രവർത്തനത്തിന് ഈ സബ്ജില്ലയിൽ SFT പ്രോഗ്രാമിലൂടെ പ്രശസ്തി നേടിയിട്ടുണ്ട് .കുട്ടികൾക്ക് നഴ്സറി മുതൽ VII ക്ലാസ്സ് വരെ വിദ്യാഭ്യാസം നേടികൊടുക്കുന്നു . ഹിന്ദു, മുസ്ലിം, ക്രിസ്ത്യാനികൾ സാഹോദര്യത്തോടെ പഠിച്ചു വരുന്നു.

LKG,UKG,Nursary,English medium,malayalm medium (1 to VII) വരെ പഠിക്കുന്നു.

വിദ്യാഭ്യാസത്തോടൊപ്പം പാഠ്യ -പാഠ്യേതര കഴിവുകളും സന്മാർഗ മൂല്യങ്ങളും നൽകി കൊണ്ട് ഇന്നത്തെ

വിദ്യാർത്ഥികളെ നാളത്തെ പൗരന്മാരായി വാർത്തെടുക്കാൻ എല്ലാ അധ്യാപകരും വിദ്യാലയത്തോട് ചേർന്ന് നിന്ന് പ്രവർത്തിക്കുന്നു.

ഒരു പീരീഡ് എന്നും സ്വഭാവരൂപീകരണം ലക്ഷ്യം വെച്ച് MORAL - ക്ലാസ്സുകൾ നടത്തുന്നു.

## അക്കാദമിക നേട്ടങ്ങൾ

- തൃശൂർ ജില്ലയിലെ സ്വച്ഛ് വിദ്യാലയ പുരസ്കാരം ലഭിച്ച വിദ്യാലയമാണിത്.
- ചാവക്കാട് സബ് ജില്ലയിൽ മികച്ച PTA അവാർഡ് ലഭിച്ചു
- മികവുത്സവം - സ്റ്റേറ്റ് ലെവൽ സെലക്ഷൻ ലഭിച്ചിരുന്നു.
- ഉപജില്ലാ തലം സ്കൂൾ മികവ് പ്രവർത്തനത്തിൽ ഒന്നാം സ്ഥാനം ലഭിച്ചു.
- സമ്പൂർണ ഡിജിറ്റൽ പ്രഖ്യാപനം
- സംസ്കൃത സ്കോളർഷിപ് പരീക്ഷയിൽ 11 പേർക്ക് ഉന്നത വിജയം കരസ്ഥമാക്കി.

- സംസ്കൃത നാടകം ഉപജില്ലാ താളം ഒന്നാം സ്ഥാനവും

- മലയാള സംഘ ഗാനത്തിൽ ഉപജില്ലാതലം ഒന്നാം സ്ഥാനവും കരസ്ഥമാക്കി.

## ഭൗതിക നേട്ടങ്ങൾ

- 14 ഹൈടെക് ക്ലാസ്സുകൾ
- ടൈൽസ് പാകിയ ക്ലാസ്റൂമുകൾ
- വായനാ ലൈബ്രറി
- സ്കൂൾ IT ലാബുകൾ
- ശാസ്ത്ര ലാബുകൾ
- ടൈൽസ് പാകിയ സ്കൂൾ മുറ്റം
- വാട്ടർ പ്യൂരിഫയർ
- സ്മാർട്ട് ഹാൾ

# സ്കൂൾ വിവരങ്ങൾ

- റവന്യൂ ജില്ല : തൃശ്ശൂർ
- സ്കൂൾ കോഡ് : 24268
- സ്കൂളിന്റെ പേര് : സെൻറ് ആന്റണിസ് സി.യു.പി.എസ്. പാലുവായ്
- മേൽവിലാസം : പാലുവായ്
- പിൻകോഡ് : 680522
- ഫോൺ നമ്പർ :02556564
- ഇമെയിൽ അഡ്രസ് :stantonyspaluvai@gmail.com
- ഗ്രാമ പഞ്ചായത്ത് :Thaikkad
- വിദ്യാഭ്യാസ ജില്ല :Chavakkad
- സബ്ജില്ല :Chavakkad
- ക്ലാസ്സുകൾ : 1 to VIII
- മാനേജ്മെൻറ് :Aided
- പഠനമാധ്യമം : Malayalam / English

## വിദ്യാലയ ചരിത്രം :

വിദ്യാഭ്യാസപരമായും സന്മാർഗീകമായും മെച്ചപ്പെട്ട പരിശീലനം പാലുവായ് പ്രദേശത്തെ ജനങ്ങൾക്ക് ലഭിക്കുക എന്ന ഉദ്ദേശ്യത്തോടെ അന്നത്തെ പാലയൂർ പള്ളി വികാരി ബ .പി യൂസച്ച ൻറെ ശ്രമ ഫലമായി ഇന്നാട്ടിലെ അനേകം ഉദാരമനസ്കരായ വ്യക്തികളുടെ സഹായത്തോടെ 1933 ജനുവരി ൩ ന് ഇവിടെ ഒരു കന്യാസ്ത്രീ മഠം സ്ഥാപിതമായി .കന്യാസ്ത്രീകൾ നടത്തുന്ന ഒരു സ്കൂൾ വേണമെന്ന ആഗ്രഹം നാട്ടിലുടലെടുത്തതിന്റെ ഫലമായി പാലുവായിയിൽ ഹിന്ദു എലിമെന്ററി സ്കൂൾ എന്ന പേരിൽ ചക്രമാക്കിൽ അന്ത്രയോസ് എന്ന ആൾ നടത്തിയിരുന്ന ലോവർ പ്രൈമറി വിദ്യാലയം വാങ്ങുകയും ചെയ്തു .അതിനോടനുബന്ധിച്ച് 1934 ൽ ഒരു ഹൈ സ്കൂൾ ആരംഭിക്കുന്നതിന് അനുവാദം ലഭിച്ചു എങ്കിലും ചില സാങ്കേതിക കാരണത്താൽ ഇതേ മാനേജ്മെൻറ് വക സ്കൂളായ പാവറട്ടി ക്രിസ്തു രാജ് മഠത്തിലേക്ക് മാറ്റുകയാണ് ഉണ്ടായത് .മഠത്തിലെ സിസ്റ്റേഴ്സ് എലിമെന്ററി സ്കൂളിൽ പോയിട്ടാണ് പഠിപ്പിച്ചിരുന്നത് .1 മുതൽ 4 വരെ ക്ലാസ്സുകളാണ് അന്ന് ഉണ്ടായിരുന്നത് . പിന്നീട് പിന്നീട് വന്ന AEO മാർ വിദ്യാലയ പുരോഗതിയെ സംബന്ധിച്ച് വിലയിരുത്തുകയും 1935 ഒക്ടോബർ മാസത്തിൽ ഒരു പബ്ലിക് സ്കൂൾ ആയി മാറ്റപ്പെടുകയും ചെയ്തു . .സിസ്റ്റേഴ്സ് മാത്രമാണ് ഇവിടെ അധ്യാപനം

നടത്തിയിരുന്നത്. ഹിന്ദി സംസ്കൃതം എന്നിവ ഉണ്ടായിരുന്നില്ല. ഈ സ്കൂളിന്റെ പ്രശസ്തി ദീർഘ കാലം നിലനിർത്തിയിരുന്നത് സി. സബീനയാണ്. മഠത്തിനോടനുബന്ധിച്ച് സ്കൂൾ കെട്ടിടത്തിന്റെ പണി പുരോഗമിക്കുകയും 1937 മുതൽ സെൻറ് ആന്റണിസ് കോൺവെന്റ് എന്ന നാമധേയത്തിൽ മെയ് 7 ന് തുറന്ന് പ്രവർത്തനമാരംഭിക്കുകയും ചെയ്തു. 1949 ൽ ഈ സ്ഥാപനത്തിലെ പെൺകുട്ടികൾക്കായി ഒരു ഓർഫനേജ് തുറന്ന് പ്രവർത്തനം ആരംഭിച്ചു .1970 ൽ ആണ് LP 8 CLASS കളും UP 8 CLASS കളുമായി മാറ്റപ്പെട്ടത്. ആൺകുട്ടികളും പെൺകുട്ടികളും സ്റ്റാൻഡേർഡ് 7 വരെ പഠിക്കുന്നുണ്ട് .LP UP സെക്ഷനിൽ 2 ഡിവിഷൻ വീതം കുട്ടികൾ പഠിക്കുന്നു .1972 ൽ LP ക്ലാസ്സിൽ അറബി പഠനം ആരംഭിച്ചു.1987ൽ stage ഉം,1989 ൽ water tank ഉം, പൈപ്പുകളും നിർമിച്ചു .1992 ലാണ് sanskrit പഠനം ഈ സ്കൂളിൽ ആരംഭിച്ചത്. സി .സിൽവിയുടെ കാലത്ത് സ്കൂളിൽ guiding ആരംഭിക്കുകയും PTA യുടെയും മാനേജ്മെന്റിന്റെയും സഹായത്തോടെ ഒരു SANSKRIT CLASS പണികഴിപ്പികുകയും ചെയ്തു. 2001 ൽ ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും TOILETS പുതിയതായി നിർമിക്കുകയും ,ടൈൽസ് ഒട്ടിച്ച് ഭംഗി ആക്കുകയും ചെയ്തു. 2002 ൽ കുട്ടികൾക്കായി ഒരു സൈക്കിൾ ഷെഡ് ഉണ്ടാക്കുകയും 2003 ൽ കമ്പ്യൂട്ടർ

പഠനവും ആരംഭിക്കുകയുണ്ടായി. 2021-2022 കാലഘട്ടത്തിലെ മികച്ച PTA അവാർഡ് വിദ്യാലയം കരസ്ഥമാക്കി .2022-2023 സ്വച്ഛ് വിദ്യാലയ പുരസ്ക്കാരവും ,മികവ് അക്കാദമിക പ്രവർത്തനം ഉപജില്ലാ ഒന്നാം സ്ഥാനം വിദ്യാലയം നേടി .പ്രശസ്തമായ വിജയം നേടിയെടുക്കുന്നതിൽ ഈ സ്ഥാപനം എന്നും മുൻപന്തിയിലാണ്.LSS,USS Scholarship, ഗണിത ശാസ്ത്ര പ്രവർത്തി പരിചയ മേളകളിലും കലാ കായിക മത്സരങ്ങളിലും ഇവിടത്തെ കുട്ടികൾ ധാരാളം സമ്മാനങ്ങൾ വാരികൂട്ടാറുണ്ട്

## ഉപമേഖല - ഹിന്ദി അക്കാദമികം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും മാതൃഭാഷ കൈകാര്യം ചെയ്യുന്നത് പോലെ ഹിന്ദിയിൽ എഴുതാനും വായിക്കാനുമുള്ള കഴിവും ഉണ്ടാക്കുക . | 1). ഹിന്ദി ന്യൂസ്പേപ്പർ വായിക്കാനുള്ള സൗകര്യം ഒരുക്കുക .<br>2).ലൈബ്രറിയിൽ ഹിന്ദിയിലുള്ള ചെറു പുസ്തകങ്ങൾ എത്തിച്ചു വായന പ്രോത്സാഹിപ്പിക്കുക.<br>3).ആഴ്ചയിൽ ഒരു തവണയെങ്കിലും ഹിന്ദി അസംബ്ലി നടത്തുക .<br>4).ഹിന്ദി നാടകം നടത്തുക .<br>5). ഹിന്ദി പ്രസംഗം, കവിതാലാപനം ഇവ പരിപോഷിപ്പിക്കുക | 2 മാസം<br>ആവശ്യം അനുസരിച്ചു | ഹിന്ദി ടീച്ചർ | |

## ഉപമേഖല - സാമൂഹ്യ ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1).ജനാധിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കൽ | 1).പ്രകടന പത്രിക പ്രചാരണം . ബാലറ്റ് പേപ്പർ ഉപയോഗിച്ചുള്ള വോട്ടെടുപ്പ് എന്നിവയിലൂടെ സ്കൂൾ പാർലിമെന്റ് രൂപീകരണം | വർഷത്തിൽ ഒരു തവണ | S.S ടീച്ചർ | PTA 1000/- |
| 2).സാമൂഹ്യ ശാസ്ത്ര പഠനം കാര്യക്ഷമമാക്കൽ | 2).അധിക വായനക്ക് ഉപകരിക്കുന്ന പുസ്തകങ്ങൾ ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി എന്നിവയിൽ പ്രദർശിപ്പിക്കൽ | ആഴ്ചയിൽ ഒരു തവണ | | |

# ഉപമേഖല - മലയാളം

## പ്രവർത്തനം 1 - ഭാഷാ ശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1) എല്ലാ കുട്ടികൾക്കും മലയാളം അനായാസമായി എഴുതാനും വായിക്കാനും ഉള്ള ശേഷി വികസനം,ഭാഷാ പരമായ പിന്നോക്കാവസ്ഥ പരിഹരിക്കാൻ | 1 അക്ഷരം ഉറപ്പിക്കൽ<br>2 ചിഹ്നം ഉറപ്പിക്കൽ<br>3 പദ നിർമാണം<br>4 വാക്യ നിർമാണം | 3 മാസം | മലയാളം ടീച്ചർ ,SRG | PTA.Dpt |
| 2) എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കുക | 1.ക്ലാസ് വായനാക്കൂട്ടം രൂപീകരിക്കുക. | | മലയാളം ടീച്ചർ | PTA |
| | 2.ക്ലാസ് ലൈബ്രറി രൂപീകരിക്കുക. | 6 മാസം | മലയാളം ടീച്ചർ | |
| | 3. സ്കൂൾ ലൈബ്രറി രൂപീകരിക്കുക | 1 വർഷം | മലയാളം ടീച്ചർ, SRG | PTA.<br>25,000/- |
| | 4. വായനക്കൊരു വാർഷിക പദ്ധതി | 3 മാസം | | |
| | 5. വായനോത്സവം | | | |

# ഉപമേഖല - പ്രവൃത്തി പരിചയം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രവൃത്തി പരിചയ പരിശീലനം | തൽപരരായ കുട്ടികൾക്ക് പ്രവൃത്തി പരിചയത്തിൽ പരിശീലനം നൽകി മികച്ച ഉത്പന്നങ്ങൾ ഉണ്ടാക്കൽ . ഇതിനായി വിദഗ്ദരുടെ സേവനം ഉപയോഗപ്പെടുത്തൽ | ഒരു വർഷത്തിൽ 1 മാസം | SRG | തദ്ദേശ സ്വയംഭരണ സ്ഥാപനം<br>30,000/- |

## ഉപമേഖല – ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1).ഗണിത പഠന പ്രവർത്തനങ്ങൾ ലളിതമാക്കൽ | 1). ഗണിത ലാബ് പ്രത്യേകമായി സജ്ജീകരിക്കുകയും കുട്ടികൾക്ക് ഗണിതാശയങ്ങൾ ലളിതമായി അവതരിപ്പിക്കുകയും ചെയ്യുക . | ലാബ് സജ്ജീകരണം - അവധിക്കാലത്ത് | PTA ഗണിത ടീച്ചർ | PTA 50,000/- |
| | 2). ജാമ്യതീയ രൂപങ്ങൾക്ക് പ്രാധ്യാന്യം നൽകി വിദ്യാലയമുറ്റത്തു ഗണിതപാർക്ക് സജ്ജീകരിക്കൽ . | ജൂൺ ,ജൂലൈ മാസം | ഗണിത ടീച്ചർ | |
| 2).ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കൽ | 3).വർക്ഷീറ്റുകൾ ഉപയോഗിച്ച് കുട്ടികളിൽ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുന്നു | | | |

## ഉപമേഖല - ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1). കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തൽ .<br><br>2).ശാസ്ത്ര മേളകളിൽ പൂർണ പങ്കാളിത്തം ഉറപ്പുവരുത്തൽ | 1).ശാസ്ത്ര തത്വങ്ങൾ ലളിതമായ പരീക്ഷണങ്ങളിലൂടെയുള്ള കുട്ടികളുടെ അവതരണം. പരീക്ഷണ കളരി - പരീക്ഷണങ്ങൾ പൊതുസമൂഹത്തിനു മുന്നിൽ പ്രദർശിപ്പിക്കൽ .<br><br>2).സ്കൂൾ തല സയൻസ് എക്സിബിഷൻ | വർഷത്തിൽ ഒരു തവണ | സയൻസ് ക്ലബ് | PTA 5000/- |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1).ജൈവവൈവിധ്യ പാർക്ക് വിപുലപ്പെടുത്തൽ. | 1).സ്കൂൾ തന്നെ പാഠപുസ്തകം എന്ന ആശയം പ്രാവർത്തികമാക്കി ഒരുക്കിയ ജൈവവൈവിധ്യ പാർക്ക് വിപുലപ്പെടുത്തൽ | 3 മാസം | PTA<br><br>ഇക്കോ ക്ലബ് | PTA,OSA<br>200000/- |
| 2).സ്കൂൾ മുറ്റത്തെ ഔഷധ തോട്ടം വിപുലപ്പെടുത്തൽ | 2).ഔഷധസസ്യങ്ങളെയും ഔഷധസസ്യങ്ങളുടെ പ്രാധാന്യം തിരിച്ചറിയുന്നതിനും ഔഷധ തോട്ടം വിപുലപ്പെടുത്തൽ എല്ലാ സസ്യങ്ങൾക്കും നാമകരണം | 3 മാസം | | |

# <u>ഉപമേഖല -</u> സംസ്കൃത ഭാഷാ പഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1). അക്ഷരജ്ഞാനം നേടൽ<br><br>2).വായനാ പരിഭാഷയിലുള്ള പ്രാവീണ്യം<br><br>3).സംസ്കൃതം എഴുതാനും വായിക്കാനുമുള്ള കഴിവുണ്ടാക്കുക . | 1).അക്ഷരമാലയുടെ ഗീതങ്ങൾ ശ്രവിക്കൽ<br><br>2).വായനാ കാർഡുകൾ നിർമിച്ചു വാക്കുകൾ വായിക്കാൻ ശ്രമിക്കുന്നു.<br><br>3).സംസ്കൃതം ന്യൂസ് വായിക്കാൻ അവസരം ഒരുക്കുന്നു<br><br>4).സംസ്കൃതം നാടകം നടത്തുന്നു | മാസത്തിൽ 1 തവണ<br><br>മാസത്തിൽ 2 തവണ<br><br>മാസത്തിൽ 1 തവണ | സംസ്കൃത അദ്ധ്യാപിക | PTA 1000/- |

# Std-I ARABIC

| June to September | October – December | January – March |
|---|---|---|
| • അക്ഷര വായന<br>• പദം ഉറപ്പിക്കൽ<br>• ചിത്രവായന<br>• വ്യാകരണങ്ങൾ [ ْ . ِ . ً - ചേർക്കൽ]<br>• എണ്ണം [٣.٢.١]<br>• ഫ്രൂട്ട്സ്, ജീവികൾ ഇവയുടെ പേരുകൾ<br>• കുടുംബത്തിൽ ആരെല്ലാം<br>• കവിത നിർമ്മിക്കൽ | • അക്ഷര വായന<br>• പദം ഉറപ്പിക്കൽ<br>• എണ്ണം [٧.٤.٥]<br>• വ്യാകരണം [ ِ ] ചേർക്കൽ<br>• നിറങ്ങൾ<br>• വാഹനങ്ങൾ ഫ്രൂട്ട് എന്നിവയുടെ പേരുകൾ<br>• ഉപചാര പദങ്ങൾ<br>• സംഭാഷണം | • അക്ഷര വായന<br>• പദം ഉറപ്പിക്കൽ<br>• വിവരണം തയ്യാറാക്കൽ<br>• വിശേഷണ പദങ്ങൾ<br>• നിറങ്ങൾ<br>• വസ്ത്രങ്ങൾ<br>• എണ്ണം (١٠ ٩ ٧)<br>• ഉപചാര പദങ്ങൾ<br>• സംഭാഷണം |

## Std – II

| | | |
|---|---|---|
| • അക്ഷരവായന<br>• ചിത്രവായന<br>• ഉപചാര പദങ്ങൾ<br>• സംഭാഷണം<br>• നിറങ്ങൾ<br>• വ്യാകരണങ്ങൾ<br>• വിവരണം തയ്യാറാക്കൽ<br>• പദസമ്പത്ത് വർദ്ധിപ്പിക്കൽ | • ചിത്രവായന<br>• കഥാവായന<br>• വ്യാകരണങ്ങൾ<br>• റോൾ പ്ലേ<br>• കുടുംബാംഗങ്ങളുടെ പേരുകൾ<br>• കഥ നിർമ്മിക്കൽ<br>• കൂട്ടി എഴുത്ത്<br>• ചിത്രകഥ നിർമ്മിക്കൽ<br>• എണ്ണം [٢٠ - ١١] | • ചിത്ര വായന<br>• കഥാ വായന<br>• വ്യാകരണങ്ങൾ<br>• 10 കാർഡ് നിർമ്മാണം<br>• ശുചിത്വ ശീലങ്ങൾ<br>• കൂട്ടി എഴുത്ത്<br>• അക്ഷര കാർഡ് |

# അക്കാദമിക് മാസ്റ്റർ പ്ലാൻ - അറബിക്

ക്ലാസ് - I-IV

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം |
|---|---|---|---|
| തെറ്റ് കൂടാതെ വായിക്കാനുള്ള കഴിവ് ഉണ്ടാകുന്നു. | അക്ഷരവായന<br>ക്ലാസ്സ് വായന<br>ചിത്ര വായന<br>മാഗസിൻ വായന<br>കഥാ വായന<br>ഇ. വായന<br>വ്യാകരണം | ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച് | ഇല്ല |
| അറബി സംസാരിക്കാൻ ആത്മ വിശ്വാസം ഉണ്ടാക്കാൻ | ഇ. ടെക്സ്റ്റ് സംഭാഷണം കാണിക്കുന്നു.<br>കാർട്ടൂൺ കാണിക്കുന്നു<br>റോൾ പ്ലേ നടത്തുന്നു | ജൂൺ - മാർച്ച് | ഇല്ല |
| അറബി ഭാഷ എഴുത്ത്, പദ നിർമ്മാണം | അക്ഷരങ്ങൾ ഉപയോഗിച്ച്<br>പദങ്ങൾ ആക്കിക്കൽ<br>ചിഹ്നങ്ങൾ ആക്കിക്കൽ<br>കൂട്ടി എഴുത്ത് പഠിക്കൽ<br>അക്ഷര കാർഡ് നിർമ്മിക്കുന്നു. ചുമർ പത്രിക ഉണ്ടാക്കുന്നു. | ജൂൺ - മാർച്ച് | ഇല്ല |
| പരിഭാഷ പെടുത്തുന്നു. | മലയാളം - അറബിക്<br>അറബിക് - മലയാളം<br>ഇംഗ്ലീഷ് - അറബിക്<br>അറബിക് - ഇംഗ്ലീഷ്<br>Translation പഠിക്കുന്നു | ജൂൺ - മാർച്ച് | ഇല്ല |

# ഉപസംഹാരം

സെൻറ് ആൻറണീസ് സി.യു.പി. പാലുവായി സ്കൂളിൻറെ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ സ്കൂളിന്റെ പാഠ്യപാഠ്യേതര പ്രവർത്തനങ്ങളായി ബന്ധപ്പെട്ട് കൃത്യമായ ദിശാ ബോധത്തോടെ തയ്യാറാക്കിയതാണ്.കുട്ടിയുടെ സർവ്വതോന്മുഖ വികാസമാണ് വിദ്യാഭ്യാസം കൊണ്ട് ലക്ഷ്യമാക്കുന്നത് .ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശമാണ് എന്ന ആശയം പൂർണമായും പ്രാവർത്തികമാക്കാൻ ഈ അക്കാദമിക മാസ്റ്റർ പ്ലാനിൽ രേഖപ്പെടുത്തിയ പ്രവർത്തനങ്ങളിലൂടെ സാധിക്കും എന്ന വിശ്വാസമാണ് ഞങ്ങൾക്കുള്ളത് . പഠനപ്രവർത്തനങ്ങൾക്കു അനുബന്ധമായുള്ള ഈ പ്രവർത്തനങ്ങൾ ഉദ്ദേശിച്ചരീതിയിൽ നടപ്പിലാക്കാൻ രക്ഷിതാക്കളുടെയും സമൂഹത്തിന്റെയും ജനപ്രധിനിതികളുടെയും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെയും സഹായംകൊണ്ട് സ്കൂളിന് സാധിക്കും എന്ന വിശ്വാസത്തോടെയാണ് ഈ അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കിയത് . അതിന്നുകഴിയുമെന്ന ഉത്തമ വിശ്വാസവും ഞങ്ങൾക്കുണ്ട്.